## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4067** **12/12/2018-ൽ മറുപടിയ്ക്ക്**

## രാജീവ് ഗാന്ധി ക്രെഷുകൾ

| ചോദ്യം<br>ശ്രീ.കെ.എസ്. ശബരീനാഥൻ | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) അരുവിക്കര നിയോജക മണ്ഡലത്തിൽ കേന്ദ്ര സോഷ്യൽ വെൽഫെയർ ബോർഡിന്റെ സഹായത്തോടെ രാജീവ് ഗാന്ധി നാഷണൽ ക്രെഷുകൾ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ധനസഹായം ഇപ്പോഴും ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ; | (എ) സോഷ്യൽ വെൽഫെയർ ബോർഡിന് കീഴിൽ പ്രവർത്തിച്ചിരുന്ന 351 ക്രഷുകളെ 01/01/2017-മുതൽ പ്രാബല്യത്തിൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയുണ്ടായി. അരുവിക്കര നിയോജകമണ്ഡലത്തിൽ രാജീവ് ഗാന്ധി ക്രഷുകൾ 13 എണ്ണം പ്രവർത്തിക്കുന്നുണ്ട്. 2017 ജൂലൈ മാസം മുതലുള്ള കേന്ദ്രം സഹായം ലഭിച്ചിട്ടില്ല. ശേഷിക്കുന്ന കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഈ ക്രെഷുകൾ സംസ്ഥാന സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ധനസഹായം ലഭിക്കുന്നില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | (ബി) 01/01/17 പ്രാബല്യത്തിൽ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ദൈനംദിന പ്രവർത്തനത്തിന് ധനസഹായം ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) രാജീവ് ഗാന്ധി നാഷണൽ ക്രെഷുകളിൽ ഓരോന്നിലും എത്ര ജീവനക്കാരാണ് ഉള്ളതെന്ന് അറിയിക്കുമോ; | (സി) ഓരോ ക്രഷിലും 1 വർക്കറും 1 ഹെൽപ്പറും പ്രവർത്തിച്ചുവരുന്നു. |
| (ഡി) ഇവിടെയുള്ള കുട്ടികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാറുള്ളത്; ഇതിലേയ്ക്കായി ഓരോ മാസവും എത്ര രൂപയാണ് സാധാരണ ധനസഹായം നൽകുന്നത്; ഇത് സംബന്ധിച്ച് വിശദാംശം നൽകാമോ? | (ഡി) **കുട്ടികൾക്ക് നൽകുന്ന സേവനങ്ങൾ**<br>1. ഡേ കെയർ സൗകര്യവും ഉറങ്ങാനുള്ള വൃത്തിയുള്ള അന്തരീക്ഷവും<br>2. കുട്ടികളുടെ വളർച്ച ത്വരിതപ്പെടുത്താനുള്ള നടപടികളും പ്രീസ്കൂൾ വിദ്യാഭ്യാസവും നൽകുകയും ചെയ്യുന്നു.<br>3. പോഷകാഹാരം നൽകുന്നു.<br>4. വളർച്ച നിരീക്ഷിക്കുന്നു.<br>5. ആരോഗ്യ പരിശോധനയും പ്രതിരോധ കുത്തിവെയ്പ്പും നൽകുന്നു. |

വകുപ്പിന് കീഴിൽ നടത്തിവരുന്ന ക്രഷുകളിൽ കേന്ദ്രവിഹിതം 60%, സംസ്ഥാന വിഹിതം 30%., എൻ.ജി.ഒ -മാർ 10% നിരക്കിലാണ് ഗ്രാന്റ് നൽകുന്നത്. കേന്ദ്ര - സംസ്ഥാന വിഹിതമായി ഒരു മാസം 11,370/- രൂപ നൽകുന്നു.

**സെക്ഷൻ ഓഫീസർ**

8a